REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-05-2026 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും വോട്ടെണ്ണലിന് ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ.**
- **ഗുജറാത്ത് സ്ഥാപക ദിനത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ആശംസകൾ നേർന്നു.**
- **ഇന്ന് സാർവദേശീയ തൊഴിലാളി ദിനം ആഘോഷിക്കുന്നു.**
- **പൊതുപ്രവർത്തകൻ ഡിജോ കാപ്പൻ അന്തരിച്ചു.**
- **IPL ക്രിക്കറ്റിൽ വൈകിട്ട് രാജസ്ഥാൻ റോയൽസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും വോട്ടെണ്ണലിന് ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. പോസ്റ്റൽ ബാലറ്റുകൾ എണ്ണി തീർത്ത ശേഷം വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടെണ്ണൽ ആരംഭിക്കും.

ഡെസ്ക് റിപ്പോർട്ട്..

..........വോയ്സ്........

മിക്ക എക്സിറ്റ്പോൾ ഫലങ്ങളും പശ്ചിമബംഗാളിലും കേരളത്തിലും ഭരണമാറ്റം പ്രവചിച്ചതോടെ ദേശീയ തലത്തിൽ തന്നെ രാഷ്ട്രീയ പാർട്ടികളും സഖ്യങ്ങളും ജനവിധി ഉറ്റുനോക്കുകയാണ്.

വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷ ശക്തമാക്കാൻ QR കോഡ് അധിഷ്ഠിത തിരിച്ചറിയൽ സംവിധാനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അനധികൃതമായി ആരും പ്രവേശിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനാണ് നടപടി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ തിരിച്ചറിയിലിനായി ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആദ്യ രണ്ട് ഘട്ടങ്ങളിൽ വരണാധികാരി നൽകിയ ഫോട്ടോ തിരിച്ചറിയൽ കാർഡുകൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ചായിരിക്കും ആളുകളെ ഹാളിലേക്ക് കടത്തിവിടുന്നത്. മൂന്നാം ഘട്ടത്തിൽ QR കോഡ് സ്കാൻ ചെയ്യും.

വരണാധികാരികൾ, സഹ വരണാധികാരികൾ, വോട്ടെണ്ണൽ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, സ്ഥാനാർത്ഥികൾ, ഇലക്ഷൻ ഏജന്റുമാർ, കൗണ്ടിംഗ് ഏജന്റുമാർ തുടങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച എല്ലാവർക്കും QR കോഡ് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

മാധ്യമപ്രവർത്തകർക്കായി ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിന് സമീപവും മീഡിയ സെന്ററുകൾ സജ്ജമാക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അധികാര പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മാധ്യമപ്രവർത്തകർക്ക് മീഡിയാ സെന്ററിലെ പ്രവേശനം.

✪✪✪

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, കൊടുവള്ളി നിയമസഭ മണ്ഡലങ്ങളുടെ വോട്ടെണ്ണൽ കേന്ദ്രമായ കൂടത്തായി സെന്റ് മേരീസ് സ്കൂൾ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് സന്ദർശിച്ചു. വോട്ടെണ്ണലുമായി ബന്ധപ്പെട്ട സജ്ജീകരണങ്ങൾ കലക്ടർ വിലയിരുത്തി.

ഇന്നലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി കലക്ടർ സമാധാനപരമായ വോട്ടെണ്ണലിന് ആവശ്യമായ നടപടികൾ ചർച്ച ചെയ്തു.

✪✪✪

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനിടെ ഇന്ത്യൻ സൈന്യം സാധാരണക്കാരെ മർദ്ദിക്കുന്നു എന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്രം. PIB യുടെ ഫാക്ട് ചെക്ക് യൂണിറ്റ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്.

വീഡിയോ AI നിർമിതമാണെന്നും ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കങ്ങൾ വിശ്വസിക്കരുതെന്നും ഗവൺമെന്റ് അഭ്യർത്ഥിച്ചു.

✪✪✪

ഗുജറാത്ത് സ്ഥാപക ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും എന്നിവർ ഗുജറാത്തിലെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഗുജറാത്തിലെ സംരംഭകരും പുരോഗമനവാദികളുമായ ജനങ്ങൾ കഠിനാധ്വാനത്തി ലൂടെയും കഴിവിലൂടെയും ലോകത്തിന് മുന്നിൽ ഇന്ത്യയുടെ അഭിമാനം ഉയത്തിയിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

സംരംഭകത്വത്തിന്റെയുംനവീകരണത്തിന്റെയും മനോഭാവ ത്തിന് പേരുകേട്ട ഗുജറാത്ത്, രാജ്യത്തിന്റെ സാമ്പത്തിക ശക്തിയും സാംസ്കാരിക സമ്പന്നതയും രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

ഗുജറാത്തിന്റെ സമ്പന്നമായ ചരിത്രത്തിന്റെയും, ഊർജ്ജസ്വലമായ സംസ്കാരത്തിന്റെയും, ശ്രദ്ധേയമായ ആത്മാവിന്റെയും ആഘോഷമാണ് ദിനമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ബ്രിട്ടീഷ് വാണിജ്യ വ്യവസായ സ്റ്റേറ്റ് സെക്രട്ടറി പീറ്റർ കൈലുമായി വീഡിയോ കോൺഫറൻസിലൂടെ ആശയവിനിമയം നടത്തി. ഇന്ത്യ-ഇംഗ്ലണ്ട് സമഗ്ര സാമ്പത്തിക, വ്യാപാര കരാറിന് കീഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഇരു രാജ്യങ്ങളും തമ്മിൽ വ്യാപാര, നിക്ഷേപ ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വഴികൾ ഇരുവിഭാഗവും അവലോകനം ചെയ്തതായി പിയുഷ് ഗോയൽ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാജ്യത്തിന്റെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായി മാറിയ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് - UPI പത്താം വർഷം പൂർത്തിയാക്കിയപ്പോൾ ലോകത്തെ ഏറ്റവും വലിയ തത്സമയ പേയ്മെന്റ് പ്ലാറ്റ്ഫോമെന്ന പദവി സ്വന്തമാക്കി. ലോകത്തെ മൊത്തം പേയ്മെന്റ് ഇടപാടുകളുടെ പകുതിയോളം ഇന്ന് ഇന്ത്യയുടെ UPI പ്ലാറ്റ്ഫോമിലൂടെയാണ്. 2016 ഏപ്രിൽ 11ന് പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ സംവിധാനം ഇന്ന് ലോകത്തെ കോടിക്കണക്കിന് ഇടപാടുകാരുടെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു.

നിലവിൽ ഓരോ ദിവസവും ശരാശരി 66 കോടി ഇടപാടുകളാണ് UPI വഴി നടക്കുന്നത്.

✪✪✪

ഇന്ന് സാർവദേശീയ തൊഴിലാളി ദിനം. തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും ഓർമ്മിപ്പിക്കാനും അവബോധം നൽകാനുമാണ് മെയ് ഒന്ന്, ലോക തൊഴിലാളി ദിനമായി ആചരിക്കുന്നത്.

എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിനോദം, എട്ടു മണിക്കൂർ വിശ്രമം എന്ന ആവശ്യമുന്നയിച്ച് തൊഴിലാളി സംഘടനകൾ നടത്തിയ സമരത്തിന്റെ ഓർമ പുതുക്കൽ കൂടിയാണ് ദിനാചരണം. ന്യായമായ വേതനം, ലിംഗസമത്വം, ഡിജിറ്റൽ പരിവർത്തനം, തൊഴിൽ സുരക്ഷ തുടങ്ങിയ ആഗോള തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ ദിനം ചർച്ച ചെയ്യുന്നു. 'ആരോഗ്യകരമായ മാനസിക സാമൂഹ്യ പ്രവർത്തനാന്തരീക്ഷം ഉറപ്പാക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ലോക തൊഴിലാളി ദിനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിംഗ് രാജ്യത്തെ തൊഴിലാളികൾക്ക് ആശംസകൾ നേർന്നു. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. നാല് സമഗ്ര തൊഴിൽ കോഡുകൾ നടപ്പിലാക്കുന്നത് മെച്ചപ്പെട്ട വേതനം, മെച്ചപ്പെട്ട സംരക്ഷണം, സാമൂഹിക സുരക്ഷ, തൊഴിലാളികൾക്ക് മെച്ചപ്പെട്ട ക്ഷേമം എന്നിവ ഉറപ്പാക്കിയിട്ടുണ്ടെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് നാളെ ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും. ടെലികമ്യൂണിക്കേഷൻ വകുപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നാണ് സംവിധാനം വികസിപ്പിച്ചത്. ദുരന്ത സാഹചര്യങ്ങളിൽ അപ്പപ്പോൾ വിവരങ്ങൾ സംവിധാനത്തിലൂടെ ലഭ്യമാകും.

‘സചേത്’ എന്ന പേരിൽ ദുരന്ത നിവാരണ അതോറിറ്റി സമഗ്ര ജാഗ്രതാ സംവിധാനം ഇതിനകം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. C-ഡോട്ട് ആണ് ഇത് വികസിപ്പിച്ചത്. മൊബൈൽ ഉപഭോക്താക്കൾക്ക് SMS വഴി ദുരന്ത മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നുണ്ട്. സെൽ ബ്രോഡ്കാസ്റ്റ് സാങ്കേതിക വിദ്യയും ഇതോടൊപ്പം ലഭ്യമാണ്. സുനാമി, ഭൂകമ്പം, ഇടിമിന്നൽ, എന്നിവയടക്കം ദുരന്ത സാഹചര്യങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം നാളെ മുതൽ രാജ്യവ്യാപകമായി ലഭിച്ചുതുടങ്ങും. 19 ഇന്ത്യൻ ഭാഷകളിൽ സന്ദേശങ്ങൾ ഉണ്ടായിരിക്കും.

✪✪✪

ഇന്ന് ബുദ്ധപൂർണിമ. കപിലവസ്തുവിൽ ഗൗതമ ബുദ്ധന്റെ ജനനവും ബോധഗയയിൽ ജ്ഞാനസിദ്ധിയും ഖുശി നഗറിൽ നിർവാണവും ഉണ്ടായത് ഈ ദിവസമാണെന്നാണ് വിശ്വാസം. ഇന്ത്യയടക്കം രാജ്യങ്ങളിൽ ബുദ്ധ മത അനുയായികളും ഹൈന്ദവരും ബുദ്ധപൂർണിമ പ്രധാന ഉത്സവങ്ങളിലൊന്നായി കൊണ്ടാടുന്നു.

✪✪✪

ബുദ്ധപൂർണ്ണിമ ആഘോഷത്തോട് അനുബന്ധിച്ച് എല്ലാ വർഷവും പാലക്കാട് ജില്ലയിലെ  ബുദ്ധമത വിശ്വാസികൾ ഒത്തുകൂടുന്ന ഇടമാണ്  കാക്കയൂർ വൃന്ദാവനത്തിലെ ബോധിവൃക്ഷ ചുവട്ടിലെ ബുദ്ധക്ഷേത്രം.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

,.........വോയ്സ്.........

കാക്കയൂർ വൃന്ദാവനം വീട്ടിലെ കുട്ടികൃഷ്ണൻ നായരാണ്  ബുദ്ധ ഗയയിൽ നിന്ന്  മുക്കാൽ നൂറ്റാണ്ടു മുൻപ് ബോധി വൃക്ഷ തൈ  കൊണ്ട് വന്ന് വീടിനുമുന്നിൽ  വഴിയരുകിൽ നട്ടത്.ബോധി വൃക്ഷതൈ നൽകുമ്പോൾ ബുദ്ധ സന്യാസിമാർ വച്ച  ഒരു നിബന്ധന ജനങ്ങൾക്ക് തണലേകുന്ന ഒരിടത്ത് അത് നാടണമെന്നായിരുന്നു.

ബോധി വൃക്ഷത്തിന്റെ കഥയറിഞ്ഞ കുട്ടികൃഷ്ണൻ നായരുടെ ഒരു സുഹൃത്താണ് വൃക്ഷത്തിന് താഴെ പ്രതിഷ്ഠിക്കാൻ ധ്യാനബുദ്ധ പ്രതിമ സമ്മാനിച്ചത്. അന്ന് തൊട്ട് ഇന്നുവരെ എല്ലാ ദിവസവും വൈകീട്ട് ഈ ധ്യനബുദ്ധനു മുന്നിൽ മെഴുകുതിരികൾ എരിയുന്നുണ്ട്.ബുദ്ധ പൂർണ്ണിമ ആഘോഷങ്ങളുടെ ഭാഗമായി ഇവിടെ എല്ലാ വർഷവും വിവിധ പരിപാടികലും സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

സ്വാതി തിരുനാൾ ജയന്തിയോടനുബന്ധിച്ച് ആകാശവാണിയുടെ കേരള നിലയങ്ങൾ സംയുക്തമായി സംഘടിപ്പിച്ച സ്വാതി തിരുനാൾ സംഗീതോത്സവത്തിന്റെ ഭാഗമായുള്ള സംഗീതാർച്ചന  തിരുവനന്തപുരം കോട്ടയ്ക്കകം  ലെവി ഹാളിൽ നടന്നു.

ആകാശവാണിയുടെ കേരള  നിലയങ്ങൾ  തത്സമയം പ്രക്ഷേപണം ചെയ്ത സംഗീതാർച്ചനയിൽ  മരുത്തോർവട്ടം ബാബു, അജിത് പ്രസാദ് ആർ, ശിവകാമി നടരാജൻ, വി സിത്താര കൃഷ്ണമൂർത്തി, പുഷ്പവതി പൊയ്പ്പാടത്ത് എന്നിവർ സ്വാതി തിരുനാൾ കൃതികൾ അവതരിപ്പിച്ചു.

✪✪✪

പൊതുപ്രവർത്തകൻ ഡിജോ കാപ്പൻ അന്തരിച്ചു. വാഹനാപകടത്തിൽ പരിക്കേറ്റ് പാലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് 68 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. കഴിഞ്ഞ നാല് പതിറ്റാണ്ടോളമായി സാധാരണക്കാരുടെയും ഉപഭോക്താക്കളുടെയും അവകാശ ങ്ങൾക്കായി ശബ്ദമുയർത്തിയിരുന്ന അദ്ദേഹം സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷന്റെ ട്രസ്റ്റിയായിരുന്നു.

കേരള കോൺഗ്രസിന്റെ വിദ്യാർഥി വിഭാഗമായ KSC (M) സംസ്ഥാന പ്രസിഡന്റായിരുന്നു. കേരള യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായിട്ടുണ്ട്. പിന്നീട് കേരള കോൺഗ്രസ് മാണി വിഭാഗത്തിലും ബാലകൃഷ്ണ പിള്ള വിഭാഗത്തിലും പ്രവർത്തിച്ചു. തുടർന്ന് സജീവ രാഷ്ട്രീയം ഉപേക്ഷിച്ച് പൊതുപ്രവർത്തനരംഗത്ത് സജീവമായി. ബസ് പാസഞ്ചേഴ്സ് അസോസിയഷൻ, KSEB ഉപഭോക്തൃ അസോസിയേഷൻ എന്നിവയ്ക്ക് നേതൃത്വം കൊടുത്തു.

✪✪✪

അങ്കമാലി കിടങ്ങൂരിൽ വിരണ്ടോടിയ ആന ലോറി ഡ്രൈവറെ ചവിട്ടിക്കൊന്നു. കിടങ്ങൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ എത്തിച്ച മയ്യനാട് പാർഥസാരഥി എന്ന ആനയാണ് ഇടഞ്ഞത്. മണിക്കൂറുകളോളം പ്രദേശത്ത് ഭീതി പരത്തിയ ആനയെ അല്പം മുമ്പ് മയക്കുവെടി വെച്ചു. അല്പ സമയത്തിനകം ആനയെ തളയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

✪✪✪

പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ചരിത്രപ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിൽ ചിത്രാപൗർണ്ണമി ഉത്സവം ഭക്തിസാന്ദ്രമായി. ചൈത്ര മാസത്തിലെ ചിത്തിരനാളിലെ പൗർണ്ണമി നാളിൽ മാത്രം ഭക്തർക്കായി തുറക്കുന്ന പുരാതന കണ്ണകി ക്ഷേത്രത്തിലേക്ക് കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമായി പതിനായിരക്കണക്കിന് ഭക്തരാണ് ഒഴുകിയെത്തിയത്. ഇരു സംസ്ഥാനങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് ഇത്തവണയും ഉത്സവം വിജയകരമായി സംഘടിപ്പിച്ചത്.

✪✪✪

സ്വർണവിലയിൽ നേരിയ കുറവ്. പവന് 280 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,720 രൂപയ്ക്കാണ് ഇപ്പോൾ വ്യാപാരം പുരോഗമിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ചൂടിന് ആശ്വാസമേകി ഇന്നും നാളെയും വേനൽമഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ശക്തമായ കാറ്റോട് കൂടി മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജയ്പൂരിലാണ് മത്സരം.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്,*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*